"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – തിരുവനന്തപുരം ജില്ല – പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. ജയകുമാറിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1196/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/06/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 19.04.2018-ലെ ഡി3-33286/17 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 01.04.2019-ലെ ഡി3-33286/17 നമ്പർ നടപടിക്രമങ്ങൾ.

3 സർക്കാരിന്റെ 19.10.2019-ലെ ഇപിബി2/108/2019/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. എസ്. ജയകുമാർ സമർപ്പിച്ച 04.12.2019-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 20.03.2020-ലെ PAN/5472/2020/-D3(DP) നമ്പർ കത്ത്

ഉത്തരവ്

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ പരിശോധിച്ച് 11.09.2017-ന് ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് മാത്രം ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ലെന്നും, ആക്ഷേപങ്ങൾ പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സമുള്ളതായി ഒരു റിപ്പോർട്ടും ലൈഫ് മിഷൻ പ്രോജക്ട് ഡയറക്ടർക്കോ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കോ നൽകിയില്ലെന്നും ഇത് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുണ്ടായ ഗുരുതരമായ കൃത്യ വിലോപമാണെന്നും ബന്ധപ്പെട്ട പരിശോധന ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ലൈഫ് പദ്ധതിയുടെ ഗൗരവം ഉൾക്കൊണ്ട് പുരോഗതി അവലോകനം ചെയ്ത് കൃത്യസമയത്ത് ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായതിനാൽ ടിയാനെ അടിയന്തരമായി സ്ഥലം മാറ്റി അച്ചടക്ക നടപടി ആരംഭിക്കണമെന്ന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 11.09.2017-ന് ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം ഗുണഭോക്താക്കൾക്ക് ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കാനുള്ള അവസരം നഷ്ടപ്പെട്ടെന്നും, പഞ്ചായത്തിലെ അക്കൗണ്ടന്റിനെ സ്ഥലംമാറ്റി കൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കിയില്ലെന്നും ആയതിനുള്ള വിശദീകരണം 15 ദിവസത്തിനകം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ ശ്രീ. എസ്. ജയകുമാറിനോട് ആവശ്യപ്പെട്ടിരുന്നു.

എന്നാൽ നിശ്ചിത സമയത്തിനകം വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ, ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ പരിശോധിച്ച് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരുന്നതും, അപേക്ഷകളുടെ പരിശോധനയ്ക്കായി അവലോകനയോഗം കൂടാതിരുന്നതും, സ്ക്രൂട്ടിനി & അപ്പീൽ കമ്മറ്റിയുടെ യോഗം കൂടാതിരുന്നതും ഗുരുതരമായ വീഴ്ചയായിക്കണ്ട് പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിനെതിരെ പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. എന്നാൽ ടിയാൻ 31.07.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി പരാമർശം (2) പ്രകാരം തീർപ്പാക്കി കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശുപാർശ ലഭ്യമാക്കിയിരുന്നു. പ്രസ്തുത ശുപാർശ പരിഗണിച്ച് കുറ്റാരോപിതനായ ശ്രീ. എസ്. ജയകുമാറിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർ ശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എസ്. ജയകുമാർ പരാമർസം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എസ്. ജയകുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. എസ്. ജയകുമാറിനെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

   (പരാമർശം 1 മുതൽ 4 വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എസ്. ജയകുമാർ, മുൻ സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/108/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by UDHEER S S
Date: 2020.06. 7:01:12 IST
Reason: Approved
സെക്ഷൻ ഓഫീസർ